കേരള സർക്കാർ

# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-ഇ കെ എം (പി12)1725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി : 28/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

.

നം കെ.എസ് .എ ഇ.കെ.എം (പി12)1725 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി:28/09/2017

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.07.2017 മുതൽ 12.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റഷീദ്.സി.എം. | അസിസ്ററന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഹരീഷ് ബാബു. എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

### നിർവ്വഹണാധികാരികൾ

| പേര് | കാലയളവ് |
|---|---|

| | | |
|---|---|---|
| ശ്രീ. എം.പി.പോൾസൺ | പ്രസിഡന്റ് | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി. ടീസ ബാബു | വൈസ് പ്രസിഡന്റ് | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി. എൻ.ആർ.വിജയം | സെക്രട്ടറി | 01.04.16മുതൽ 15.02.2017വരെ |
| ശ്രീ.സുഭാഷ്.വി.കെ | | 16.02.2017മുതൽ 31.03.2017വരെ |

മറ്റു നിർവ്വഹണോദ്യോഗസ്ഥരുടെ പേരു വിവരം:

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി.സലീഷ്യ സജിനി | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി.സാവിത്രി.ഇ.കെ | എച്ച്.എം.,ജി.എൽ.പി.എസ്., പറയകാട് | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി. സിമ്മി.സി.കെ | കൃഷി ഓഫീസർ | 01.04.16മുതൽ 31.03.2017വരെ |
| ശ്രീ.എം.ബി.സുനിൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി.ജാൻസി.എം.എ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.16മുതൽ 31.03.2017വരെ |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01.04.16മുതൽ 31.03.2017വരെ |
| ഡോ. സീന.എൻ.എസ്. | വെറ്റിനറി സർജൻ | 01.04.16മുതൽ 31.03.2017വരെ |
| ഡോ.റസീന | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01.04.16മുതൽ 31.03.2017വരെ |
| ഡോ.മനീഷ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01.04.16മുതൽ 31.03.2017വരെ |
| ശ്രീ.ശിവപ്രസാദ് | വി.ഇ.ഒ. ചിറ്റാറ്റുകര | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി.ബീന.കെ.പി. | വി.ഇ.ഒ. , പല്ലംതുരുത്ത് | 01.04.16മുതൽ 31.03.2017വരെ |
| ശ്രീമതി. കെ.പി.ഗ്രേസി | ടെക്നിക്കൽ അസിസ്റ്റന്റ് ഫിഷറീസ് | 01.04.16മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 13 | ആട് വളർത്തൽ-സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി | 3-1 |
| 14 | തൊഴുത്ത് നിർമ്മാണം-മാർഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി | 3-2 |
| 15 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി – 2493/- രൂപ നഷ്ടം | 3-3 |
| 16 | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയതിലെ അപാകതകൾ | 3-4 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 18 | കാലി ബാരലിന്റെ വിലയിന്മേൽ വാറ്റ് ഈടാക്കിയില്ല | 3-6 |
| 19 | ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 3-7 |
| 20 | ഭവന നിർമ്മാണം(പട്ടിക ജാതി) പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 32 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 29.02.16-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 107857000/- | 113180500/- |
| വാർഷിക കണക്കുകൾ പ്രകാരം (വരവുചെലവ് പത്രിക പ്രകാരം) | 46095660/- | 42195025/- |

EFMS വഴിയായി NREGS, B ഫണ്ട് എന്നീയിനങ്ങളിലെ വരവ് തുകകൾ യഥാക്രമം 2343729/-, 47723475/- എന്നീ തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള വരവുചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇവ കൂടി ചേർത്താൽ ബജറ്റ് പ്രകാരമുള്ള തുകയെക്കാൾ കൂടുതലാണ് യഥാർത്ഥ വരവ് എന്ന് കാണാം. യാഥാർത്ഥ്യബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 23.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 11.07.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13088444.00 |
| വരവ് | 46095660.00 |
| ആകെ | 59184104.00 |
| ചെലവ് | 42195025.00 |
| നീക്കിയിരിപ്പ് | 16989079.00 |

. ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന നികുതികളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 2307968 |
| തൊഴിൽ നികുതി | 3750 |

. പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11394656 | 11394656 | 11394656 | 0 |
| എസ്.സി. പി. | 0 | 4055746 | 4055746 | 4055746 | 0 |
| ടി.എസ്. പി. | 0 | 86195 | 86195 | 86195 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 820390 | 820390 | 820390 | 0 |
| 13-ാംധന കാര്യകമ്മീ ഷൻ ഗ്രാന്റ് | 0 | 5231760 | 5231760 | 5231760 | 0 |
| പെർഫോമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 0 | 490017 | 490017 | 490017 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 1693 | 1058671 | 1060364 | 1055813 | 4551 |
| ബി ഫണ്ട് | 0 | 902640 | 902640 | 902640 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2016-17 | 108 | 43168687 | 65 | 26821399 | 11 | 32 | 30 |

# 1-7 തനത് വരുമാനം.

. മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52.68 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,60,703 | 52,03,337 | + 21,42,634 | +70 |
| നികുതിയേതര വരവുകൾ | 6,16,319 | 6,11,537 | - 4,782 | -0.77 |
| മറ്റുവരവുകൾ | 2,20,475 | 1,35,878 | - 84,597 | -38.37 |
| ആകെ | 38,97,497 | 59,50,772 | 20,53,275 | +52.68 |

# 1-8 ക്ഷേമപദ്ധതികൾ

. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 121440 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 946900 | 108 |
| വിധവാപെൻഷൻ | 14377200 | 1282 |
| വാർദ്ധക്യകാല പെൻഷൻ | 26528000 | 2458 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3922495 | 359 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽപ്രായമായ വനിതകൾക്കുള്ള ധനസഹായം | 1047440 | 101 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 780000 | 26 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,135/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1.ആസ്തി രജിസ്റ്റർ.

. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2.സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ

. സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.

3.ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

. ഗ്രാമപഞ്ചായത്തിൽ 18.03.2003 -ലെ സ.ഉ. 92/2003 -ഉത്തരവ് പ്രകാരവും 2003 -ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പ്രകാരവും ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.2017മുതൽ 23.6.2017വരെ | 5/2017 | 08.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.08.2017 | 1997-98 മുതൽ 2006-07 വരെ | 17.10.2007 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി പിരിവ് - അപാകതകൾ

.

. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും, പിരിവ് നടത്തുന്നതിൽ ചില അപാകതകൾ സംഭവിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന ഏതാനും ചില സ്ഥാപനങ്ങൾ 2016-17ൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ പഞ്ചായത്തിൽ പ്രവർത്തിച്ചതായി കാണുന്നു.

.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബിവറേജസ് കോർപറേഷൻ, ചിറ്റാറ്റുകര |
| 2 | ഫോക്കസ് മോട്ടോഴ്സ് |
| 3 | എനൽ ഫുഡ്സ് |
| 4 | നന്മ സ്റ്റോർ, ചിറ്റാറ്റുകര |

.

. തൊഴിൽ നികുതി അടച്ചുകൊണ്ടിരിക്കുന്നവർ, അവരുടെ വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തന്നെയാണോ നികുതി അടച്ചുകൊണ്ടിരിക്കുന്നത് എന്നു നിരീക്ഷിക്കേണ്ടതും, പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുകകൾ കൃത്യമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ് എന്നിരിക്കെ, പല സ്ഥാപനങ്ങളും ശമ്പളത്തിന്റെ വിശദവിവരങ്ങളുൾക്കൊള്ളിക്കാത്ത പത്രികകൾ സമർപ്പിച്ച് അതിന് ആനുപാതികമായി നികുതിയടയ്ക്കുകയും, ഇത് പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇവിടെ സ്വീകരിച്ചുപോരുന്നത്. താഴെ പറയുന്ന സ്ഥാപനങ്ങളുടെ പത്രികകളിൽ അടിസ്ഥാന ശമ്പള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയ്ക്ക് ആനുപാതികമായ നികുതിയാണ് ഇവരിൽ നിന്നും ഈടാക്കിയിട്ടുള്ളത്.

.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | SML ഫിനാൻസ് മന്നം |
| 2 | എന്നെൽ ഫുഡ്സ് താന്നിപ്പാടം |
| 3 | ഉഷോദയ എന്റർപ്രൈസസ് |
| 4 | നന്മ സ്റ്റോർ, ചിറ്റാറ്റുകര |
| 5 | മുത്തൂറ്റ് ഫിൻ കോർപ് |

.

. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പത്രികകൾ സൂക്ഷ്മതയും കൃത്യതയും പുലർത്തുന്നവയാണ് എന്ന് ഉറപ്പാക്കി, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും, അതുവഴി പഞ്ചായത്തിന്റെ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട് വളർത്തൽ-സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി

| പ്രോജക്ട് നമ്പർ | S0046/17 |
|---|---|
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (വനിത-പൊതു വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ, ചിറ്റാറ്റുകര |

| | |
|---|---|
| തുക | 16,32,000/- |
| ബിൽ നമ്പർ | 01/16-17, 30.03.2017 |

. ഗ്രാമപഞ്ചായത്തിൽ പാൽ,മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് ആട് വളർത്തൽ. ഗുണഭോക്താക്കൾ കുറഞ്ഞത് 3 ആടുകളെയെങ്കിലും വാങ്ങുമ്പോൾ സബ്സിഡിയായി 12,000/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുന്നു. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ഗുണഭോക്താക്കൾക്കും മാത്രമേ സബ്സിഡിയായി 12,000/-രൂപ നൽകുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ പരിശോധനയിൽ ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലാണെന്ന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമാണ്.

| ഗുണഭോക്താവിന്റെ പേര് | വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നമ്പർ/തീയതി | കുടുംബത്തിന്റെ വാർഷിക വരുമാനം | ബാങ്കിന്റെ പേര് | അക്കൌണ്ട് നമ്പർ | നൽകിയ സബ് സിഡി |
|---|---|---|---|---|---|
| ജിൻസി സുനിൽ, മാരത്താംതറ, വലിയപല്ലംതുരുത്ത്. | 22823824/ 30.01.17 | 72,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856510110005756 | 12,000 |
| ഗീത സന്തോഷ്, പുളിയംകണ്ടത്തിൽ, ചെറിയപല്ലംതുരുത്ത്. | 23031489/ 08.02.17 | 60,000 | എസ്.ബി.ടി, വടക്കൻ പറവൂർ | 67346623617 | 12,000 |
| ശ്യാമള ബോസ്, ചാലിൽ വീട്, വടക്കേക്കര | 23262434/ 17.02.17 | 60,000 | എസ്.ബി.ടി,വടക്കൻ പറവൂർ | 67154400664 | 12,000 |
| ബേബി വിജയൻ, പുളിയറയ്ക്കൽ, താന്നിപ്പാടം | 23199367/ 15.02.17 | 60,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856410110006701 | 12,000 |
| മേഴ്സി സ്റ്റീഫൻ, കണക്കശ്ശേരി, മാച്ചാംതുരുത്ത് | 19507078/ 21.07.16 | 72,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856110100002589 | 12,000 |
| ആകെ | | | | | 60,000 |

. മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.17/17.7.2017) സമർപ്പിച്ച മറുപടിയിൽ പദ്ധതിനിർവ്വഹണഘട്ടത്തിൽ വാർഷിക വരുമാനം 'ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം' എന്ന ഉത്തരവുണ്ടായിരുന്നതിനാലാണ് ഇപ്രകാരം ചെയ്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പറയുന്നു. എന്നാൽ ടി സർക്കാർ ഉത്തരവ് പദ്ധതിച്ചെലവ് നടത്തുന്നതിന് വളരെ മുമ്പ്തന്നെ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ മാർഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 60,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 തൊഴുത്ത് നിർമ്മാണം-മാർഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0044/17 |
| പ്രോജക്ടിന്റെ പേര് | പുതിയ തൊഴുത്ത് നിർമ്മാണം(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ, ചിറ്റാട്ടുകര |
| തുക | 2,50,000 |
| ബിൽ നമ്പർ | 03/16-17,15.03.2017 |

ഗ്രാമപഞ്ചായത്തിൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗപരിപാലനം നടത്തുന്നവരെ

കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് തൊഴുത്ത് നിർമ്മാണം. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ഗുണഭോക്താക്കൾക്കും മാത്രമേ സബ്സിഡിയായി 10,000/-രൂപ നൽകുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലാണെന്ന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും 10,000/-രൂപ വീതം സബ്സിഡിയായി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | കുടുംബത്തിന്റെ വാർഷിക വരുമാനം | ബാങ്കിന്റെ പേര് | അക്കൌണ്ട് നമ്പർ | നൽകിയ സബ് സിഡി |
|---|---|---|---|---|---|
| ഗോപാലകൃഷ്ണൻ നായർ, പ്രശാന്തി, 171, ആലംതുരുത്ത് | 22813766/ 28.01.17 | 60,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856110110007326 | 10,000 |
| ഹരിദാസൻ യു. എസ്, ഊലിശ്ശേരിൽ, മാച്ചാംതുരുത്ത് | 23094750/ 11.02.17 | 60,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856110110006330 | 10,000 |
| പി എൻ പ്രസാദ്, പനച്ചിക്കപ്പാടം, ആലംതുരുത്ത് | 23262434/ 17.02.17 | 60,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856110110006077 | 10,000 |
| യമുന ചന്ദ്രൻ, കൊരട്ടിക്കരപാടം, നീണ്ടൂർ | 23183023/ 15.02.17 | 72,000 | ബാങ്ക് ഓഫ് ഇൻഡ്യ | 856110110007143 | 10,000 |
| തങ്കമണി രഘുവരൻ, മൂലേപ്പറമ്പ്, പട്ടണം | 22720067/ 21.01.17 | 96,768 | എസ്.ബി.ടി, വടക്കൻ പറവൂർ | 67209475530 | 10,000 |
| ആകെ | | | | | 50,000 |

മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/10.7.17) സമർപ്പിച്ച മറുപടിയിൽ, പദ്ധതിനിർവ്വഹണ ഘട്ടത്തിൽ വാർഷിക വരുമാനം '1 ലക്ഷം രൂപയിൽ താഴെയായിരിക്കണം' എന്ന ഉത്തരവുണ്ടായിരുന്നതിനാലാണ് ഇപ്രകാരം ചെയ്തത് എന്ന് സൂചിപ്പിക്കുന്നു. എന്നാൽ ടി സർക്കാർ ഉത്തരവ് പദ്ധതി ചെലവ് നടത്തുന്നതിനും വളരെ മുമ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 50,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - 2493 രൂപ നഷ്ടം

ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ നിർമ്മിച്ച 83-ാം നം അംഗൻവാടിയുടെ നിർമ്മാണത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിനാൽ 2493 രൂപയുടെ നഷ്ടം സംഭവിച്ചു. പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | 83-ാം നം അംഗൻവാടി നിർമ്മാണം |

| | |
|---|---|
| അംഗീകാരം | KSCC/C/45(6)2010/01.10.2011 |
| അടങ്കൽ | 400000/-<br>തീരദേശ വികസന കോർപ്പറേഷൻ ഫണ്ട്. |
| ചെലവ് /വൗച്ചർ നം | 372069/-21600288/26.07.17 |
| ചെക്ക് നം | 287241/26.07.2016 |
| കൺവീനർ | ചന്ദ്രബാബു, തെക്കേത്തറ, വടക്കേക്കര. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 16 ഡാഡൂയിംഗ് വാൾസ് വിത്ത് വൈറ്റ് ഓർ കളേർഡ് ടൈൽസ് ആണ്.വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| എം ബുക്ക് നം | 23/AE/14-15 |
| പേജ് നം | 40 |
| അളവ് | കിച്ചൺ-2.82എം. സ്ക്വയർ<br>ടോയ്‌ലറ്റ്-7.02എം.സ്ക്വയർ |
| തുക | 9.84*884=8698.56 രൂപ |

പഞ്ചായത്തിലെ എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ 06.07.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ കിച്ചൺ സ്ലാബിനു മുകളിലെ 2.82 എം സ്ക്വയർ ഡാഡൂയിംഗ് ചെയ്തിട്ടില്ലാത്തതായി കണ്ടു(സ്ഥല പരിശോധനാ റിപ്പോർട്ട് 1). ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് സെക്രട്ടറി,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് 06.07.2017 ൽ 7-ാം നം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ 2493 രൂപ (2.82 x884) അളവുകൾ രേഖപ്പെടുത്തിയ അസി എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-4 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | S0013/2017 |
| ചെലവ് വിവരം | ₹.3,60,000/-<br>(ബിൽ3/16-17<br>തീയതി 30.3.17) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,ചിറ്റാട്ടുകര |

. ഈ പ്രൊജക്ട് നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു.

1) 36കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് റിവോൾവിംങ് ഫണ്ട് നൽകിയിട്ടുണ്ട്. വിവിധ ബാങ്കുകളിലേക്കായി ബാക്ക് എൻഡ് സബ്സിഡിയായി 10000/- രൂപ വീതം 3,60,000/-രൂപ നൽകിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെയും ഗുണഭോക്താക്കളായ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകിയിട്ടില്ല.

2) കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭിച്ചതായി കാണുന്നില്ല.

3) പ്രസ്തുത കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

. ടി ന്യൂനതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (9/06.07.2017) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ 36 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സബ്സിഡിയായി

വിവിധ ബാങ്കുകളിലേക്ക് നൽകിയ തുകകൾ അതാത് കുടുംബശ്രീ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് മുൻപാകെ ഹാജരാക്കാമെന്ന് അറിയിച്ചു. മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും വിശദീകരിച്ചു. ഈ അപാകതകൾ പരിഹരിക്കുന്നതു വരെ 3,60,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KWA | പ്രൊ.നം. SO114./17 കടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം. 28/16-17/ 30.3.17 | 3,00,017 |
| | | ബിൽ നം. 29/16-17/ 30.3.17 | 9,983 |
| KSEB | പ്രൊ.നം. 121/16 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ബിൽ നം. 26/16-17/ 30.3.17 | 2,50,200 |
| | | ബിൽ നം. 27/16-17/ 30.3.17 | 4,37,795 |
| എസ്.എസ്.എ എക്സിക്യൂട്ടീവ് ഡയറക്ടർ | പ്രൊ.നം. S0002/17 എസ്.എസ്.എ | ബിൽ നം. 1/16-17/ 24.12.17 | 3,36,122 |

.

. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽപ്പറഞ്ഞ ചെലവ് തുകകൾ (1334117/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

## 3-6 കാലി ബാരലിന്റെ വിലയിന്മേൽ വാറ്റ് ഈടാക്കിയില്ല

. 2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഫിഷർമെൻ കോളനി റോഡ് - റീ ടാറിംഗ് (SOO 73/17) എന്ന പ്രവൃത്തിയിലേക്കായി 25 ബാരൽ ടാർ ഉപയോഗിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ, കാലി ബാരലിന്റെ വില (25 X 238 = 5950) ബില്ലിൽ നിന്നും കിഴിവ് ചെയ്തെങ്കിലും, ബാരലിന്റെ വാറ്റ് 5% നിരക്കിൽ (₹298) ഈടാക്കിയില്ല. നിയമാനുസൃത കിഴിവുകൾ നടത്താതെ, കരാറുകാരന് തുക അധിക തുക നല്കിയത് ശരിയായ നടപടിയല്ല. നികുതിയിനത്തിൽ കുറവ് വരുത്തേണ്ട തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി, സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-7 ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0028/17 |
| പ്രോജക്ടിന്റെ പേര് | എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ,ചിറ്റാറ്റുകര |
| തുക | 1,50,000 |
| ബിൽ നമ്പർ | 02/16-17, 17.12.2016 |
| ഡി.ഡി.നമ്പർ/തീയതി | 868629/17.12.2016 |

. ഗ്രാമപഞ്ചായത്തിലെ എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, പാതിരപ്പിള്ളി, ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 1,50,000/- രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 93,370/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 56,630/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/17 |
| പ്രോജക്ടിന്റെ പേര് | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി യിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ,ചിറ്റാറ്റുകര |
| തുക | 2,50,000/- |
| ബിൽ നമ്പർ | 01/16-17,17.12.2016 |
| ഡി.ഡി.നമ്പർ/തീയതി | 868628/17.12.2016 |

. ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, പാതിരപ്പിള്ളി, ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 2,50,000/- രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 1,81,035/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 68,965/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

. മരുന്ന് ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-8 ഭവന നിർമ്മാണം (പട്ടിക ജാതി) പൂർത്തീകരിച്ചിട്ടില്ല.

. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ നിർമ്മാണം (പ്രോജക്ട് നമ്പർ.S0083/2017) എന്ന പ്രോജക്ടിൽ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉണ്ട്. നാളിതു വരെ 2,10,000/- രൂപ വീതം ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ആകെ അനുവദിക്കുന്ന സബ്സിഡി തുക 3,00,000/-രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/ വിലാസം | ഡി.ഡി നമ്പർ/ തീയതി | തുക |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ഓമന വേണു, കണ്ടുള്ളിപ്പറമ്പിൽ, ചെറിയപല്ലം തുരുത്ത്, എൻ.പറവൂർ. | 859579/31.03.2016 | 1,20,000 |
| | 866531/19.10.2016 | 90,000 |
| ശ്രീമതി.അനുപമ, വലിയപറമ്പിൽ, മാക്കനായി, മന്നം.പി.ഒ | 857432/21.03.2016 | 1,20,000 |
| | 867789/23.11.2016 | 90,000 |

. മേൽ ഗുണഭോക്താക്കൾ അവസാന ഗഡുവായ 90,000/-രൂപ കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 125000 | അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | അംഗൻവാടികൾക്ക് ഫർണിച്ചർ | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാൽവില സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 125000 | അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് | 125000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പ്രൊ.നം. SO114./17 കടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം. 28/16-17 /30.3.17 | 3,00,017 | 0 | 3,00,017 |
| | | ബിൽ നം. 29/16-17 | 9983 | 0 | 9,983 |

| | | | | | |
|---|---|---|---|---|---|
| | | /30.3.17 | | | |
| KSEB | പ്രൊ.നം. 121/16 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ബിൽ നം. 26,16-17/ 30.3.17 | 250200 | 0 | 2,50,200 |
| | | ബിൽ നം. 27/16-17 /30.3.17 | 437795 | 0 | 4,37,795 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS-ഭവനം | GO(MS)781/2010 /LSGD- 08/03/2010 | 1,43,32,500 | 54,807 | - | -- | 54,807 |

. രജിസ്റ്റർ പരിശോധിച്ചതിൽ 2015-16ൽ 42,14,943/- വായ്പാ തിരിച്ചടവ് നടത്തി.(31.3.2015ൽ 42,69,750/- അടക്കാൻ ബാക്കിയുണ്ടായിരുന്നു). മുൻബാക്കി 54,807/- ആണെന്ന് ബോദ്ധ്യപ്പെട്ടു. തൻവർഷം തുകയൊന്നും അടച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|
| 2011-12 to 2012-13 | 3-15 | 2318 | ശ്രീ. മഹേഷ്കുമാർ | 1160110089/ 04.04.2016 |
| 1999-2000 | 26(b) | 120 | ശ്രീ.സുലൈമാൻകുട്ടി.വി.വി. | 1160100613/ 28.04.2016 |
| 2014-15 | 3(1) | 120 | ശ്രീമതി.രജനി, പൊക്കത്ത് | 11601101917/ 22.07.2016 |
| 1999-2000 | 52 | 17910 | സെക്രട്ടറി, മന്നം സർവീസ് സഹകരണ ബാങ്ക് | 11601500020/ 19.08.2016 |
| 2003-04 | 3(1) | 105 | ശ്രീ.പി.എസ്. | 11601400005/ |

| | | | | |
|---|---|---|---|---|
| | | | ശശിധരൻ | 31.10.2016 |
| 2002-03 | 2(1) | 648 | ശ്രീമതി.ഐഷാബീവി, തുക്കുപറമ്പിൽ, മന്നം | 116011003879/ 23.11.2016 |
| 2002-03 | 2(1) | 98 | ശ്രീ.എം.ബി.ബാബു, മാക്കനായിപ്പറമ്പ് | 11601103947/ 29.11.2016 |
| 2002-03 | 2(1) | 162 | ശ്രീ.ഷൈജൻ, മാക്കനായിപ്പറമ്പ് | 11601104254/ 23.12.2016 |
| 2015-16 | 2(2) | 7105 | മെസ്സേഴ്സ് ഇൻഡസ് ടവേഴ്സ് | 11601500024/ 31.12.2016 |
| 2015-16 | 2(2) | 6000 | മെസ്സേഴ്സ് ഇൻഡസ് ടവേഴ്സ് | 11601500075/ 25.03.2017 |
| 2015-16 | 2(2) | 2500 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 11601500025/ 31.12.2016 |
| ആകെ | | 37096 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39(1) | മരാമത്ത് പണികൾക്ക് മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തികരിച്ചില്ല. | തുക അടവാക്കി നിയമസഭ സമിതി മുൻപാകെ സമർപ്പിച്ചിരിക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46095660.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42195025.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 6683.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 112493.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1694117.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | |
|---|---|---|

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 60000 | ശ്രീമതി.സീന എൻ.എസ്. വെറ്ററിനറി സർജൻ |
| 3-2 | | 50000 | ശ്രീമതി.സീന എൻ.എസ്. വെറ്ററിനറി സർജൻ |
| 3-3 | | 2493 | ശ്രീ. കെ.ടി.മുരളി അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 112493 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-4 | 3,60,000 | ശ്രീമതി. സന്ധ്യ പി.എസ്. വി. ഇ. ഒ. പല്ലംതുരുത്ത് | |
| 3-5 | 13,34,117 | 997995 | ശ്രീമതി.എൻ.ആർ.വിജയം സെക്രട്ടറി |
| | | 336122 | ശ്രീ വി. കെ. സുഭാഷ് |
| ആകെ | 16,94,117 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 298 | ശ്രീമതി.സലീഷ സജനി അസി.എഞ്ചിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എൻ.ആർ.വിജയം സെക്രട്ടറി | സെക്രട്ടറി, വടക്കേക്കര ഗ്രാമപഞ്ചായത്ത് | പ്ലാപ്പിള്ളിൽ ഹൗസ് കിഴക്കേപ്രം എൻ.പറവൂർ |
| ശ്രീ സുഭാഷ് വി. കെ. സെക്രട്ടറി | സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | വടക്കേൽ, ആശ്രമം ടോപ്പ്, മൂവാറ്റുപുഴ പി. ഒ. |

| | | |
|---|---|---|
| ശ്രീമതി.സലീഷ സജനി അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | മാവുങ്കൽ വീട് ചെറിയ കടവ്, കണ്ണമാലി പി. ഒ. പിൻ-682008 |
| ഡോ.സീന എൻ. എസ്. വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | MIG42, സുരഭി നഗർ, കാക്കനാട് പി.ഒ. |
| ശ്രീമതി സന്ധ്യ പി.എസ്. വി. ഇ. ഒ. | ശ്രീമതി സന്ധ്യ പി.എസ് വി. ഇ, ഒ. പല്ലംതുരുത്ത് | തത്തേന്റ്പറമ്പ്, കണ്ടകർണ്ണൻ വെളി, കൈതാരം പി.ഒ, 683519 |
| ശ്രീ കെ. ടി. മുരളി അസി.എഞ്ചിനിയർ | വിരമിച്ചു. | പുതുമനപ്പറമ്പിൽ വീട്,ആഴകം പി.ഒ, പൂങ്കുന്നം,683577 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2)613/98/തീ.03.02.1999 |
| 1998-99 | എൽ എഫ് ഇ (പി2)586/01/തീ.05.08.02 |
| 1999-00 | എൽ എഫ് ഇ (പി2)1515/01/തീ.05.08.2002 |
| 2000-01 | എൽഎഫ്ഇ(പി2)1454/02തീ.22.09.2007 |
| 2001-02 | എൽഎഫ്ഇ(പി2)822/07തീ.22.09.2007 |
| 2002-03 | എൽഎഫ്ഇ(പി2)823/07തീ.22.09.2007 |
| 2003-04 | എൽഎഫ്ഇ(പി2)581/10തീ.20.05.2011/1.08.2011 |
| 2004-05 | എൽഎഫ്ഇ(പി2)582/10തീ.20.05.2011/11.07.2011 |
| 2005-06 | എൽഎഫ്ഇ (പി2)583/10തീ.20.05.2011/11.07.2011 |
| 2007-08 | എൽഎഫ്ഇ (പി2)1595/08തീ.16.02.2009/6.6.2009 |
| 2008-09, 2009-10, 2010-11 | എൽഎഫ്ഇ(പി2)1295/12/.18.08.12/12.10.12 |
| 2011-12, 2012- 13 | എൽഎഫ്ഇ(പി2)2036/12/.16.12.13 |
| 2013-14 | എൽഎഫ്ഇ (പി10)647/15/തീ.08.06.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി.10)/1247/16 തീ.03.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി.12)/2123/2016 തീ.15.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(പി12) 1725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :28/09/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

. എന്റെ അഭിപ്രായത്തിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE

.No.KSA-EKM(P12)1725/2017

Kerala State Audit Department

District Audit Office, Ernakulam

Civil Station, Kakkanad – 682030

Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 28/09/2017

Certified that I have audited the Annual Financial Statement of Chittattukara Grama Panchayat in Ernakulam District for the financial year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

.

. In my opinion, the Annual Financial Statement of Chittattukara Grama Panchayat for the financial year 2016-17 properly presents the picture of income and expenditure.

.

Deputy Director